# പതിമൂന്നാം കേരള നിയമസഭ
# പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 442 10.03.2015-ൽ മറുപടിക്ക്

## വയനാട്ടിലെ പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളുടെ പ്രവർത്തനം

**ചോദ്യം**

ശ്രീ.എം.വി.ശ്രേയാംസ് കുമാർ :

(എ) വയനാട്ടിലെ പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളിൽ എത്ര സംഘങ്ങൾ ലാഭത്തിൽ പ്രവർത്തിക്കുന്നുവെന്നും എത്ര സംഘങ്ങൾ നഷ്ടത്തിൽ പ്രവർത്തിക്കുന്നുവെന്നും അവ ഏതെല്ലാമെന്നും വെളിപ്പെടുത്തുമോ;

**മറുപടി**

ശ്രീ. സി. എൻ. ബാലകൃഷ്ണൻ
(സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി)

(എ) 12 എണ്ണം ലാഭത്തിൽ പ്രവർത്തിക്കുന്നു.
15 എണ്ണം നഷ്ടത്തിൽ പ്രവർത്തിക്കുന്നു.

**ലാഭത്തിൽ പ്രവർത്തിക്കുന്നവ**

1. നല്ലൂർനാട് എസ്.സി.ബി.
2. തൊണ്ടർനാട് എസ്.സി.ബി.
3. മാനന്തവാടി ഫാർമേഴ്സ് എസ്.സി.ബി.
4. എച്ചോം എസ്.സി.ബി.
5. സുൽത്താൻബത്തേരി എസ്.സി.ബി.
6. മുള്ളൻകൊല്ലി എസ്.സി.ബി.
7. മീനങ്ങാടി എസ്.സി.ബി.
8. പൂതാടി എസ്.സി.ബി.
9. കൽപ്പറ്റ എസ്.സി.ബി.
10. മടക്കിമല എസ്.സി.ബി.
11. വൈത്തിരി എസ്.സി.ബി.
12. തരിയോട് എസ്.സി.ബി.

**നഷ്ടത്തിൽ പ്രവർത്തിക്കുന്നവ**

1. വെള്ളമുണ്ടഎസ്.സി.ബി.
2. തരുവണ എസ്.സി.ബി.
3. അഞ്ചുകുന്ന് എസ്.സി.ബി.
4. പനമരം എസ്.സി.ബി.
5. തിരുനെല്ലി എസ്.സി.ബി.
6. തവിഞ്ഞാൽ എസ്.സി.ബി.
7. പേരിയ എസ്.സി.ബി.
8. പുൽപ്പള്ളി എസ്.സി.ബി.

9. അമ്പലവയൽ എസ്.സി.ബി.
10. കണിയാമ്പാറ്റ എസ്.സി.ബി.
11. തൃക്കൈപ്പറ്റ എസ്.സി.ബി.
12. കോട്ടത്തറ എസ്.സി.ബി.
13. തെക്കുംതറ എസ്.സി.ബി.
14. വെങ്ങപ്പള്ളി എസ്.സി.ബി.
15. പടിഞ്ഞാറത്തറ എസ്.സി.ബി.

| | |
|---|---|
| (ബി) നഷ്ടത്തിൽ പ്രവർത്തിക്കുന്ന സംഘങ്ങളുടെ പുനരുദ്ധാരണത്തിനായി പ്രത്യേകം പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) പീഡിത സഹകരണ സംഘങ്ങളെ പുനരുദ്ധരിക്കുന്നതിനുള്ള പദ്ധതിയിൽ ഉൾപ്പെടുത്തി അർഹതപ്പെട്ട സഹകരണ സംഘങ്ങൾക്ക് സാമ്പത്തിക സഹായം ലഭ്യമാക്കുന്നതിനുള്ള പദ്ധതി നിലവിലുണ്ട്. <br><br> തൃക്കൈപ്പറ്റ സർവീസ് സഹകരണ ബാങ്ക്, തവിഞ്ഞാൽ സർവീസ് സഹകരണ ബാങ്ക് എന്നിവയ്ക്ക് റിവൈറ്റലൈസേഷൻ സ്കീമിൽപ്പെടുത്തി 13 ലക്ഷം രൂപ വീതം നൽകിയിട്ടുണ്ട്. കൂടുതൽ സഹകരണ സംഘങ്ങളെ പുനരുദ്ധരിക്കുന്നതിന് പ്രത്യേകം പദ്ധതി തയ്യാറാക്കി വരുന്നു. പദ്ധതി തയ്യാറാക്കുന്ന മുറയ്ക്ക് പദ്ധതി വിഹിതത്തിൽ ഉൾപ്പെടുത്തി ധനസഹായം അനുവദിച്ച് പുനരുദ്ധാരണ നടപടികൾ സ്വീകരിക്കുന്നതാണ്. പുനരുദ്ധാരണ പദ്ധതിയുടെ വിനിയോഗം പരിശോധിക്കുന്നതിനും വിലയിരുത്തുന്നതിനും പുനരുദ്ധാരണ പ്രവർത്തനം അവലോകനം നടത്തുന്നതിനുമായി സംസ്ഥാന തലത്തിലും ജില്ലാതലത്തിലും മോണിറ്ററിംഗ് കമ്മിറ്റികൾ രൂപീകരിക്കുകയും അവയുടെ പ്രവർത്തനം വിലയിരുത്തുകയും ചെയ്യുന്നുണ്ട്. |

| | |
|---|---|
| (സി) ഓരോ സംഘങ്ങളുടെയും മാനേജ്മെന്റ് കാര്യക്ഷമമാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ? | (സി) ഓരോ സംഘങ്ങളുടെയും മാനേജ്മെന്റ് കാര്യക്ഷമമാക്കുന്നതിന് പരിശീലന പരിപാടികൾ നൽകി വരുന്നുണ്ട്. സംഘം ജീവനക്കാർക്കും മാനേജ്മെന്റിനും പ്രത്യേക പരിശീലനം സഹകരണ പ്രൊഫഷണൽ സ്ഥാപനങ്ങൾ വഴി നടത്തി വരുന്നുണ്ട്. പ്രതിമാസം സംഘം സെക്രട്ടറിമാരുടെ അവലോകനയോഗം വിളിച്ച് സംഘങ്ങളുടെ പ്രവർത്തനം ഊർജ്ജിതപ്പെടുത്തുന്നതിനായി ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നുണ്ട്. |

സെക്ഷൻ ഓഫീസർ